ഉത്തരം

(എ) 14.9.99-ലെ കോടതി ഉത്തരവ് പ്രകാരം താഴെപ്പറയുന്ന സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. 10.9.84-ൽ നിലവിലുണ്ടായിരുന്ന യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ സംസ്ഥാനതല സംയോജിത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

2. 10.9.84-ൽ നിലവിലുണ്ടായിരുന്ന എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ സംസ്ഥാനതല സംയോജിത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

3. 10.9.84 മുതൽ 28.2.88 വരെയുള്ള യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

4. 10.9.84 മുതൽ 31.12.98 വരെയുള്ള ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർമാരുടെ സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

ഇവയ്ക്കു പുറമേ താഴെപറയുന്ന ലിസ്റ്റുകൾകൂടി നിലവിലുണ്ട്.

5. 10.9.84 മുതൽ 31.12.92 വരെയുള്ള എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ സംസ്ഥാനതല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

6. 25.9.62 മുതൽ 7.3.93 വരെയുള്ള ഡെപ്യൂട്ടി തഹസിൽദാർമാരുടെ സംസ്ഥാന ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

7. 25.9.62 മുതൽ 30.4.98 വരെയുള്ള സംസ്ഥാനതല തഹസിൽദാർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്.

(ബി) 10.9.84 മുതൽ 31.12.92 വരെയുള്ള എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്മാരുടെയും ഡെപ്യൂട്ടി തഹസിൽദാർമാരുടെയും തഹസിൽദാർമാരുടെയും (ക്രമ നമ്പർ 5,6,7) സംസ്ഥാനതല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. മറ്റുള്ളവ പ്രൊവിഷണൽ ലിസ്റ്റുകളാണ്.

(സി) താല്ക്കാലിക ലിസ്റ്റുകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചു ഒരു നിശ്ചിത സമയത്തിനകം ആക്ഷേപങ്ങൾ സ്വീകരിച്ച് അവ പരിഹരിക്കപ്പെട്ടതിനുശേഷം സ്ഥിരം ലിസ്റ്റ് പ്രസിദ്ധീകരിക്കും.

(ഡി) 31.12.94 വരെ എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് ആയി നിയമിതരായവരിൽ ടെസ്റ്റ് യോഗ്യത നേടുകയോ 50 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെ യു.ഡി.ക്ലാർക്കായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഇ) ടെസ്റ്റ് യോഗ്യത നേടുകയോ അല്ലെങ്കിൽ 50 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെയാണ് പ്രൊമോഷൻ നൽകുന്നത്. പ്രമോഷൻ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

107 (664) റവന്യൂവകുപ്പിലെ പ്രൊമോഷൻ

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) റവന്യൂ വകുപ്പിൽ ഇപ്പോൾ യഥാസമയം പ്രൊമോഷൻ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(ബി) ജീവനക്കാരന്റെ കുറ്റംകൊണ്ടല്ലാതെ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ കിട്ടുന്ന ജീവനക്കാരന് കേരള സർവ്വീസ് റൂൾ പാർട്ട് ഒന്ന് റൂൾ 23 (സി) അനുസരിച്ച് ശമ്പള കുടിശ്ശിക നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(സി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) യഥാസമയം പ്രൊമോഷൻ നൽകാതെ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമാണ്; അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റവന്യൂവകുപ്പിൽ ഇപ്പോൾ യഥാസമയം പ്രൊമോഷൻ നൽകുന്നുണ്ട്.

(ബി) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നാണ് ഇപ്പോൾ പ്രൊമോഷനുകൾ ഉത്തരവായിട്ടുള്ളത്. ജീവനക്കാരിൽനിന്നും ആക്ഷേപങ്ങൾ സ്വീകരിച്ച് സീനിയോറിറ്റി ലിസ്റ്റുകൾ ഫൈനലൈസ് ചെയ്യുന്ന മുറയ്ക്ക് അർഹതപ്പെട്ടവരായി കാണുന്നവർക്ക് ശമ്പള കുടിശ്ശിക നൽകുന്നതിന് നിയമ തടസ്സമില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) ഇപ്പോൾ പ്രൊമോഷനുകൾ യഥാസമയം നടക്കുന്നുണ്ട്.

108 (665) റവന്യൂ വകുപ്പിൽ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റവന്യൂ വകുപ്പിൽ സംസ്ഥാനതലത്തിൽ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ടൈപ്പിസ്റ്റുമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു ആയതിൽനിന്നും ഉദ്യോഗക്കയറ്റം നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇത് സംബന്ധിച്ചു എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറായിട്ടില്ലെങ്കിൽ അത് തയ്യാറാക്കാൻ എത്ര കാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി 1.11.56 മുതൽ മുൻകാല പ്രാബല്യത്തോടെ സംസ്ഥാനാടിസ്ഥാനത്തിലാക്കുന്നതിനായി പ്രത്യേകം സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly